# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: **280** — 21-12-2012-ൽ മറുപടിക്ക്

### ടാക്സ് മാപ്പിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എസ്.ശർമ്മ**<br>**ശ്രീ. എ.കെ.ബാലൻ**<br>**ശ്രീ. ബാബു എം.പാലിശ്ശേരി**<br>**ശ്രീ.എം.ഹംസ** | **ഡോ.എം.കെ.മുനീർ**<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) കെട്ടിട നികുതി വ്യവസ്ഥകൾ മാറ്റാനും നികുതി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധമായ നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(എ) കെട്ടിടനികുതി വ്യവസ്ഥകൾ മാറ്റാനോ നികുതി വർദ്ധിപ്പിക്കാനോ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. 2009 ൽ കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാൻ ഉദ്ദേശിച്ചുകൊണ്ട് വരുത്തിയ നിയമഭേദഗതിക്കനുസരിച്ച് 14-01-2011 ൽ സ.ഉ.(അ)20/2011/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.
പ്രസ്തുത ചട്ടത്തെ സംബന്ധിച്ച് ജനങ്ങളിൽ നിന്നുണ്ടായ പരാതി പരിഹരിക്കുന്നതിനായി 2012 ലെ കേരള പഞ്ചായത്ത് രാജ് (3-ാം ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസ് പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പിൽ ഭേദഗതി വരുത്തുകയും അടിസ്ഥാന വസ്തുനികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിശ്ചയിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും തുടർന്ന് ഓരോ അഞ്ചു വർഷത്തിലും നികുതി നിരക്ക് പുനർനിർണ്ണയിക്കുമ്പോൾ പരമാവധി 35% എന്ന ഉപരിപരിധിക്ക് വിധേയമായി കുറഞ്ഞത് 25% ആയി നിജപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) നികുതി പുതുക്കാനുള്ള മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറ വിസ്തീർണ്ണത്തിന്റെ (പ്ലിന്ത് ഏര്യ) അടിസ്ഥാനത്തിലും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, അതിന്റെ ഉപയോഗ രീതി, നിർമ്മാണത്തിന്റെ തരം, മറ്റ് നിർണ്ണയിക്കപ്പെട്ട ഘടകങ്ങൾ എന്നിവ മാനദണ്ഡമാക്കിയുമാണ് വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയിരിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | നികുതി വർദ്ധനയിലൂടെ ലക്ഷ്യം വയ്ക്കുന്ന അധിക വരുമാനം എത്ര ശതമാനമാണ്; ടാക്സ് മാപ്പിംഗ് സംവിധാനം എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്? | (സി) | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണത്തിൽ ഗാർഹികാവശ്യങ്ങൾക്കുള്ള പുതുക്കിയ വസ്തുനികുതി നിലവിലുള്ള വസ്തുനികുതിയുടെ 60%ൽ അധികരിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.നികുതി നിരക്ക് നിശ്ചയിക്കുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ റിവിഷൻ നടപടി പൂർത്തിയായാൽ മാത്രമേ വർദ്ധനവ് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. സംസ്ഥാന ധനകാര്യ കമ്മീഷന്റെ 10(3) നമ്പർ ശുപാർശ പ്രകാരം ടാക്സ് മാപ്പിംഗ് നടപ്പിലാക്കുന്നതോടെ ഓരോ സ്ഥാപനത്തിനും ആ പ്രദേശത്തുള്ള കെട്ടിടങ്ങളുടെ എണ്ണവും ഓരോന്നിന്റെ നികുതിയെ സംബന്ധിച്ചും വ്യക്തമായ വിവരം രൂപപ്പെടുത്താൻ കഴിയും എന്നതാണ് ടാക്സ് മാപ്പിംഗ് കൊണ്ട് വിഭാവനം ചെയ്തിരുന്നത്. ഇതുവരെ ടാക്സ് മാപ്പിംഗ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ